No. CEE/4262/2016/MDS-2017/TA4

സർക്കാർ

പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# വിജ്ഞാപനം

## ബിരുദാനന്തര ബിരുദ ഡെന്റൽ (എം.ഡി.എസ്) കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം- 2017 അപേക്ഷകൾ ക്ഷണിച്ചു

1. കേരളത്തിലെ സർക്കാർ ഡെന്റൽ കോളേജുകളിലേയ്ക്കും സ്വാശ്രയ ഡെന്റൽ കോളേജുകളിൽ ലഭ്യമായ സീറ്റുകളിലേയ്ക്കും 2017–18 അദ്ധ്യയന വർഷത്തിലെ വിവിധ എം.ഡി.എസ് കോഴ്സുകളിലേയ്ക്കുള്ള പ്രവേശനത്തിനായി 2017 ലെ NEET MDS പരീക്ഷയിൽ യോഗ്യത നേടിയ വിദ്യാർത്ഥികളിൽ നിന്നും അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു.

2. **പ്രവേശനത്തിന് വേണ്ട യോഗ്യതകൾ:**

**(i) വിദ്യാഭ്യാസ യോഗ്യതകൾ:** കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാലകളിൽ നിന്നും ലഭിച്ച ബി.ഡി.എസ് ബിരുദം അല്ലെങ്കിൽ 1948 ലെ ഡെന്റിസ്റ്റ് ആക്ട് പ്രകാരം ഭാരത സർക്കാർ അംഗീകരിച്ച ഡെന്റൽ കോളേജിൽ നിന്നും ഡെന്റൽ കൗൺസിൽ ഓഫ് ഇന്ത്യ അംഗീകരിച്ച ബി.ഡി.എസ് ബിരുദം. അപേക്ഷകൻ അവസാന വർഷ ബി.ഡി.എസ് പരീക്ഷ വിജയിച്ച ശേഷം കേരളാ സ്റ്റേറ്റ് ഡെന്റൽ കൗൺസിലിൽ നിന്നും സ്ഥിരമായ രജിസ്ട്രേഷൻ നേടുകയും 31.03.2017 നോ അതിന് മുമ്പോ സി.ആർ.ആർ.ഐ നേടിയിരിക്കുകയും വേണം. എന്നാൽ 1988 ലോ അതിന് മുമ്പോ ഡെന്റൽ കൗൺസിൽ ഓഫ് ഇന്ത്യ അംഗീകരിച്ച ഏതെങ്കിലും ഡെന്റൽ കോളേജിൽ നിന്നും അവസാന വർഷ ബി.ഡി.എസ് പരീക്ഷയിൽ വിജിയിച്ച് ബി.ഡി.എസ് ബിരുദം നേടുകയും കേരളാ സ്റ്റേറ്റ് ഡെന്റൽ കൗൺസിലിൽ സ്ഥിരമായോ താല്കാലികമായോ രജിസ്ട്രേഷൻ നേടുകയും ചെയ്തിട്ടുള്ള അപേക്ഷകരെ ഒരു വർഷത്തെ സി.ആർ.ആർ.ഐ യിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. എല്ലാ അപേക്ഷകരും പ്രവേശനത്തിന് മുമ്പ് കേരള സ്റ്റേറ്റ് ഡെന്റൽ കൗൺസിലിൽ നിന്നും രജിസ്ട്രേഷൻ നേടിയിരിക്കണം. (പ്രോസ്പെക്ടസ് ക്ലോസ് 4.A കാണുക)

**(ii) നേറ്റിവിറ്റി:** അപേക്ഷകന് താഴെപ്പറയുന്നവയിൽ ഏതെങ്കിലും യോഗ്യതയുണ്ടായിരിക്കണം.

a) അപേക്ഷകൻ കേരളീയനായ ഇന്ത്യൻ പൗരനായിരിക്കണം. Persons of Indian Origin (PIO)/ Overseas Citizen of India (OCI) കാർഡ് ഹോൾഡർമാരെയും ഒരു വർഷം സേവനം അനുഷ്ഠിക്കാം എന്ന ഉറപ്പിന്മേൽ പ്രവേശനത്തിനു മാത്രമായി ഇൻഡ്യൻ പൗരന് തുല്യനായി പരിഗണിക്കുന്നതാണ്; എന്നാൽ PIO/OCI അപേക്ഷകർക്ക് സംവരണാനുകൂല്യങ്ങൾ ലഭ്യമല്ല.

അല്ലെങ്കിൽ

**b)** കേരളത്തിലെ ഏതെങ്കിലും ഒരു ഡെന്റൽ കോളേജിൽ നിന്നും ബി.ഡി.എസ് ബിരുദം നേടിയ ഇന്ത്യൻ പൗരനായിരിക്കണം. കേരളത്തിലെ ഏതെങ്കിലും ഡെന്റൽ കോളേജിൽ നിന്നും ബിരുദമെടുത്ത കേരളീയരല്ലാത്ത അപേക്ഷകർ സാമുദായിക/വികലാംഗ സംവരണാനുകൂല്യങ്ങൾക്ക് അർഹരായിരിക്കില്ല.

**(iii) വയസ്:** വിവിധ വിഭാഗങ്ങളിൽപ്പെടുന്ന അപേക്ഷകരുടെ ഉയർന്ന പ്രായപരിധി **2017 ജനുവരി 01**-ന് ഇപ്രകാരമായിരിക്കും.

ജനറൽ വിഭാഗം : ഉയർന്ന പ്രായ പരിധി ഇല്ല.

സർവ്വീസ് വിഭാഗം : സർവ്വീസ് വിഭാഗത്തിലുള്ള അപേക്ഷാർത്ഥികൾക്ക് ഉയർന്ന പ്രായപരിധി പ്രോസ്പെകടസ് ക്ലോസ് 4 C പ്രകാരമായിരിക്കും.

**(iv) യോഗ്യതാ മാനദണ്ഡം:** സർവ്വീസ് വിഭാഗക്കാർ ഉൾപ്പെടെ എല്ലാ അപേക്ഷകരും നാഷണൽ ബോർഡ് ഓഫ് എക്സാമിനേഷൻ നടത്തിയ NEET MDS-2017 പരീക്ഷയിൽ യോഗ്യത നേടുകയും പ്രവേശന പരീക്ഷാ കമ്മീഷണർ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുകയും വേണം. സർവ്വീസ് വിഭാഗക്കാർ ഉൾപ്പെടെയുള്ള അപേക്ഷാർത്ഥികൾ NEET MDS-2017 പരീക്ഷയിൽ കുറഞ്ഞ യോഗ്യതയായ 50 പെർസന്റയിൽ മാർക്ക് നേടിയിരിക്കണം. എന്നാൽ എസ്.സി, എസ്.ടി, എസ്.ഇ.ബി.സി, വിഭാഗങ്ങളിൽപ്പെടുന്നവർക്ക് കുറഞ്ഞത് 40 പെർസന്റയിൽ നേടിയാൽ മതിയാകും. കാലുകൾക്ക് 40% മുതൽ 70% വരെ ചലന വൈകല്യമുള്ളവർ കുറഞ്ഞത് 45 പെർസന്റയിൽ മാർക്ക് നേടിയിരിക്കണം.

3. **പ്രവേശന രീതി:** 2017 ലെ NEET MDS റാങ്ക് ലിസ്റ്റിന്റെയും പ്രോസ്പെക്ടസ് ക്ലോസ് 4 പ്രകാരമുള്ള നിശ്ചിത യോഗ്യതകളുടെയും അടിസ്ഥാനത്തിൽ പ്രവേശന പരീക്ഷാ കമ്മീഷണർ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിന്റേയും വിവിധ സംവരണ വിഭാഗങ്ങൾക്കുള്ള കാറ്റഗറി ലിസ്റ്റിന്റേയും അടിസ്ഥാനത്തിലായിരിക്കും സർവ്വീസ് വിഭാഗക്കാർ ഉൾപ്പെടെ എല്ലാ അപേക്ഷകർക്കും പ്രവേശനം നൽകുന്നത്. പോസ്റ്റ് ഗ്രാജുവേറ്റ് സെലക്ഷൻ കമ്മിറ്റി അംഗീകരിച്ച ശേഷം മെഡിക്കൽ എഡ്യൂക്കേഷൻ ഡയറക്ടർ സമർപ്പിക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നും സർവ്വീസ് വിഭാഗക്കാരെ തെരഞ്ഞെടുക്കുന്നതാണ്.

4. **അപേക്ഷിക്കേണ്ട വിധം :**
2017 ലെ NEET MDS പരീക്ഷയിൽ യോഗ്യത നേടിയിട്ടുള്ള സർവ്വീസ് വിഭാഗക്കാർ ഉൾപ്പെടെ എല്ലാ അപേക്ഷാർത്ഥികളും പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റിലൂടെ **05.03.2017 മുതൽ 13.03.2017 വൈകുന്നേരം 5 മണി വരെ** അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കേണ്ടതാണ്. ഓൺലൈൻ അപേക്ഷാ സമർപ്പണവേളയിൽ അപേക്ഷകന്റെ ഒപ്പും യോഗ്യത തെളിയിക്കുന്നതിനുള്ള ബന്ധപ്പെട്ട രേഖകളും സ്കാൻ ചെയ്ത ഇമേജ് പ്രോസ്പെക്ടസ് ക്ലോസ് 8.2.4 ലെ നിബന്ധനകൾക്കനുസൃതമായി അപ്‌ലോഡ് ചെയ്യേണ്ടതാണ്. **ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ടും അനുബന്ധ രേഖകളും പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അയയ്ക്കേണ്ടതില്ല.** എന്നാൽ അപേക്ഷയുടെ പ്രിന്റൗട്ട് എടുത്ത് ഭാവി ഉപയോഗത്തിനായി സൂക്ഷിക്കേണ്ടതാണ്.

5. **അപേക്ഷാ ഫീസ്:** ജനറൽ/സർവ്വീസ് വിഭാഗം അപേക്ഷാ ഫീസ് 1000/- രൂപ. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർ 500/- രൂപ. ജനറൽ ക്വോട്ടയിൽ കൂടി അപേക്ഷിക്കുന്ന സർവ്വീസ് വിഭാഗം അപേക്ഷകർ 1000/- രൂപ അധികമായി അടയ്ക്കേണ്ടതാണ്. അപേക്ഷ ഫീസ് ഓൺലൈൻ മുഖേനയോ, ഓൺലൈൻ അപേക്ഷാ സമർപ്പണവേളയിൽ ലഭിക്കുന്ന ചെലാൻ ഉപയോഗിച്ച് കേരളത്തിലെ ഏതെങ്കിലും ഹെഡ്/സബ് പോസ്റ്റോഫീസ് മുഖാന്തിരമോ ഒടുക്കാവുന്നതാണ്. അപേക്ഷാഫീസ് യാതൊരു കാരണവശാലും തിരികെ നൽകുന്നതല്ല.

6. **സർവ്വീസ് വിഭാഗത്തിലുള്ളവരുടെ അപേക്ഷകൾ:** സർവ്വീസ് വിഭാഗത്തിലുള്ള അപേക്ഷാർത്ഥികൾ ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനു പുറമെ അപേക്ഷയുടെ പ്രിന്റൗട്ട് പ്രോസ്പെക്ടസ് ക്ലോസ് 7.4.8-ൽ പറഞ്ഞിട്ടുള്ള രേഖകൾ സഹിതം **13.03.2017 വൈകുന്നേരം 5 മണിയ്ക്ക്** മുൻപ് അവരുടെ കൺട്രോളിംഗ് ആഫീസർക്ക് (DME/DHS/DIMS) സമർപ്പിക്കേണ്ടതാണ്.

7. ഓൺലൈനായി അപേക്ഷ സമർപ്പിച്ചതിനുശേഷം പുതിയ വിവരങ്ങൾ അപേക്ഷയിൽ ഉൾപ്പെടുത്താനോ, ഏതെങ്കിലും തരത്തിലുള്ള സംവരണ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള ഏതെങ്കിലും സർട്ടിഫിക്കറ്റുകൾ സമർപ്പിക്കുവാനോ അപേക്ഷകരെ അനുവദിക്കുന്നതല്ല. ഇതിലേയ്ക്കുള്ള അപേക്ഷകളോ, ഇത്തരം സർട്ടിഫിക്കറ്റുകളോ യാതൊരു കാരണവശാലും പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിലോ ബന്ധപ്പെട്ട മറ്റ് ഓഫീസുകളിലോ സ്വീകരിക്കുന്നതല്ല. അപേക്ഷാർത്ഥികൾ ആവശ്യമായ രേഖകൾ ഓൺലൈൻ അപേക്ഷാ വേളയിൽ തന്നെ അപ്‌ലോഡ് ചെയ്യാൻ ശ്രദ്ധിക്കേണ്ടതാണ്.

8. **ഡാറ്റാ ഷീറ്റ്:** പ്രവേശനത്തിനുള്ള യോഗ്യത നേടി വിവിധ മെരിറ്റ്/കാറ്റഗറി ലിസ്റ്റുകളിൽ ഉൾപ്പെട്ടിട്ടുള്ള അപേക്ഷാർത്ഥികൾക്കുള്ള ഡാറ്റാ ഷീറ്റ് www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ നിന്നും പിന്നീട് വിജ്ഞാപനം ചെയ്യുന്ന തീയതിക്കുശേഷം ഡൗൺലോഡ് ചെയ്തെടുക്കാവുന്നതാണ്.

9. സർവ്വീസ് ക്വോട്ട ഉൾപ്പെടെ എല്ലാ സീറ്റുകളിലേക്കുമുള്ള തെരഞ്ഞെടുപ്പ്, സീറ്റ് അലോട്ട്മെന്റ് എന്നിവ കേന്ദ്രീകൃത അലോട്ട്മെന്റ് പ്രക്രിയയിലൂടെ പ്രോസ്പെക്ടസിലെ ക്ലോസ് 11-ലെ നിബന്ധനകൾക്ക് വിധേയമായി പ്രവേശന പരീക്ഷാ കമ്മീഷണർ നടത്തുന്നതാണ്.

10. ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്നതിന് മുമ്പ് അപേക്ഷാർത്ഥികൾ www.cee-kerala.org എന്ന വെബ്സൈറ്റിൽ ലഭ്യമായ 2017 ലെ ബിരുദാനന്തര ബിരുദ ഡെന്റൽ കോഴ്സുകളിലെ പ്രവേശനത്തിനുള്ള പ്രോസ്പെക്ടസിലെ വിശദാംശങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

തിരുവനന്തപുരം
04.03.2017

**പ്രവേശന പരീക്ഷാ കമ്മീഷണർ**